(ഇ) അനാരോഗ്യവും തൊഴിൽകുറവും കാരണം തൊഴിൽ നഷ്ടപ്പെട്ട 45 വയസ്സിനും 55 വയസ്സിനും ഇടയിൽ പ്രായമുള്ള ദിനേശ്ബീഡി തൊഴിലാളികൾക്ക് 2013 മാർച്ച് മാസം മുതലുള്ള ആശ്വാസപെൻഷൻ കുടിശ്ശിക ഉക അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ

166 (8002) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ മുന്നിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതിയ റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. സംരംഭകത്വ സഹായ പദ്ധതിയിൻകീഴിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. വ്യവസായ വാണിജ്യ വകുപ്പ് 26-2-2015 മുതൽ 28-2-2015 വരെ കൊച്ചിയിൽ സംഘടിപ്പിക്കുന്ന ബിസിനസ് ടു ബിസിനസ് മീറ്റിൽ റബ്ബർ അധിഷ്ഠിത വ്യവസായ മേഖലക്ക് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. കേരളത്തിലെ റബ്ബർ മേഖലയിലുള്ള ഇടത്തരം, ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സംസ്ഥാനത്തിന് പുറത്തുള്ള വിപണികളിലേക്ക് വഴി തുറക്കുവാനാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

താലൂക്ക് തല വ്യവസായ ഓഫീസുകൾ

167 (8003) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ചിട്ടുള്ള താലൂക്കുകളിൽ താലൂക്ക്തല വ്യവസായ ഓഫീസുകൾ തുടങ്ങുന്നത് പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) നിലമ്പൂർ, തിരൂർങ്ങാടി എന്നീ താലൂക്കുകൾക്കായി വണ്ടൂർ, വേങ്ങര എന്നീ സ്ഥലങ്ങൾ കേന്ദ്രമായി പുതിയ ഓരോ താലൂക്ക് വ്യവസായ ഓഫീസുകൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പുതുതായി അനുവദിച്ചിട്ടുള്ള ശേഷിച്ച താലൂക്കുകളിൽ വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ പരിശോധിക്കുന്നതാണ്.

മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖല

168 (8004) ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. സി. കെ. സദാശിവൻ :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖലയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(ബി) മൾട്ടിലെവൽ മാർക്കറ്റിംഗിലൂടെ വിറ്റഴിക്കപ്പെടുന്ന സാധനങ്ങൾക്ക് വില്പനക്കാർ വാഗ്ദാനം ചെയ്യുന്ന ഗുണങ്ങൾ ഉണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടോ ; വിശദമാക്കുമോ ;

(സി) ഇത്തരത്തിൽ വില്പന സാധനങ്ങൾ വാങ്ങുന്ന ജനങ്ങൾ കബളിക്കപ്പെടുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മൾട്ടിലെവൽ മാർക്കറ്റിംഗ് വഴി വില്പന നടത്തുന്നതിൽ സംസ്ഥാനത്തിന് ലഭ്യമാകേണ്ട നികുതികൾ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധി ച്ചിട്ടുണ്ടോ ?

ഉത്തരം

(എ-സി) ഉണ്ട്. മൾട്ടിലെവൽ മാർക്കറ്റിംഗ് വഴി സാധനങ്ങൾ വാങ്ങുന്ന ജനങ്ങൾ പലവിധത്തിൽ വഞ്ചിതരാകപ്പെടുന്നുവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പൊതുജനങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നതിനായി മൾട്ടിലെവൽ മാർക്കറ്റിംഗ് നിയന്ത്രിക്കുന്നതിലേക്ക് നിയമ നിർമ്മാണം നടത്തുന്നതിനായി ഒരു വിദഗ്ധ സമിതിയെ സർക്കാർ നിയോഗിക്കുകയും ടി സമിതി ഒരു കരട് ബിൽ തയ്യാറാക്കുകയും ആയത് ഇപ്പോൾ നിയമ വകുപ്പ് പരിശോധിച്ചുവരികയുമാണ്.